

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/01/2025

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അമ്പലവയൽ റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ (RARS) 2025 ജനുവരി 1 മുതൽ 15 വരെ പൂപ്പൊലി 2025 എന്ന വാർഷിക അന്താരാഷ്ട്ര പുഷ്പമേള സംഘടിപ്പിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ട വിവിധ ഉൽപന്നങ്ങളും സാങ്കേതികവിദ്യകളും അവതരിപ്പിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങൾക്കും അർദ്ധ സർക്കാർ ഏജൻസികൾക്കും കർഷകർക്കും 50-ലധികം പ്രദർശന സ്റ്റാളുകൾ ഉണ്ടായിരിക്കുന്നതാണ്. കാർഷിക മേഖലയിലെ പുഷ്പ സൗന്ദര്യത്തിൻ്റെയും സാങ്കേതിക പുരോഗതിയുടെയും മഹത്തായ പ്രദർശനമായി ഇത് വർത്തിക്കുന്നു. കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, നൂതനമായ പരിഹാരങ്ങൾ, കാർഷിക രീതികളിലെ പുരോഗതി എന്നിവ മനസ്സിലാക്കുന്നതിനും പൂപ്പൊലി സഹായിക്കും.

2. പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൽ പേവിഷ നിർമ്മാർജ്ജനവും, അതുമുഖേന പൊതുജനാരോഗ്യ ക്ഷേമവും മുൻനിർത്തി നടപ്പിലാക്കുന്ന പുതുപ്പള്ളി ഗ്രാമപഞ്ചായത്തിൻ്റെ 2024-25 വർഷത്തെ ജനകീയാസൂത്രണ പദ്ധതി - പേവിഷ പ്രതിരോധ കുത്തിവയ്പ് ക്യാമ്പ് 2025 ജനുവരി 11 മുതൽ 14 വരെ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടത്തുന്നു. മൂന്നു മാസത്തിനുമേൽ പ്രായമുള്ള എല്ലാ നായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ് നൽകുന്നതാണ്. എല്ലാ വളർത്തു നായ്ക്കളുടെ ഉടമസ്ഥരും ക്യാമ്പിൽ പങ്കെടുത്ത് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നിർബന്ധമായും വാങ്ങേണ്ടതാണ്. രജിസ്ട്രേഷൻ ഫീസായി 25 രൂപ അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9496563828, 9446560050,9495621420 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക

3. സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ ഉൾനാടൻ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ 2025-26 വർഷം ചേരുവാൻ അംഗീകൃത മത്സ്യത്തൊഴിലാളികളിൽ

നിന്ന് അപേക്ഷ ക്ഷണിച്ചു. പ്രായപരിധി 18-60 വയസ്. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെൻ്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്തവരും മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗത്വമുള്ളവരുമായിരിക്കണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 മാർച്ച് വരെ തുക അടച്ചതിന്റെ രസീത്, ക്ഷേമനിധി പാസ് ബുക്ക്, റേഷൻകാർഡ്, ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ അക്കൗണ്ട് എടുത്ത പാസ് ബുക്കിന്റെ പകർപ്പ്, ആറു മാസത്തിനകം എടുത്ത രണ്ട് പാസ്പ്പോർട്ട് സൈസ് ഫോട്ടോ, ജനുവരി മാസത്തെ ഗുണഭോക്തൃവിഹിതം രണ്ട് ഗഡുവായ 500 രൂപ എന്നിവ സഹിതം തിരുവനന്തപുരം മത്സ്യഭവൻ ഓഫീസിൽ ജനുവരി 23,24 തീയതികളിൽ രാവിലെ 11 മുതൽ വൈകിട്ട് നാലുവരെ ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. 0468 2967720, 9400005123.

## പരിശീലന പരിപാടി

4. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലെ സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് വിഭാഗത്തിൽ ജനുവരി 23ന് കാടവളർത്തലിൽ ശാസ്ത്രീയപരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ ജനുവരി 21ന് വൈകീട്ട് 5 മണിയ്ക്ക് മുമ്പായി 9495333400 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന ഫീസ് 500 രൂപ.

5. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി മാസം 24, 25 തീയതികളിൽ "ശുദ്ധമായ പാലുൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ്

എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2025 ജനുവരി 23 – തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം –695004 Email ID:principaldtctvm@gmail.com

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ ജനുവരി 16, 17 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 04712501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം